KOLLAM CITY POLICE
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice
Dated : 24/01/ 2022

# ഭാര്യാ പിതാവിന്റെ കൈ അടിച്ചൊടിച്ച യുവാവ് അറസ്റ്റിൽ

കൊല്ലം : ഭാര്യ പിതാവിന്റെ കൈ അടിച്ചൊടിച്ച യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. ശക്തികുളങ്ങര വില്ലേജിൽ മീനത്ത് ചേരിയിൽ മാതൃക നഗർ ബേത്‌ലഹേം വീട്ടിൽ ബാബു തോമസ് മകൻ ഷെബിൻ ബാബു (32) ആണ് പോലീസ് പിടിയിലായത്.


ഷെബിൻ ബാബു

ശക്തികുളങ്ങര മീനത്ത് ചേരി സ്വദേശിയായ പോളും ഭാര്യയുമാണ് ആക്രമിക്കപ്പെട്ടത്. ബ്രിട്ടനിലായിരുന്ന ഷെബിൻ ബാബു വിവാഹം കഴിച്ചതിന് ശേഷം ജോലിക്ക് പോകാതെ നിൽക്കുന്നതിനെ ചൊല്ലി ഇയാളുടെ ഭാര്യയായ നീനപോളുമായി നിരന്തരം വഴക്കായിരുന്നു. ഇവർ തമ്മിലുള്ള വഴക്കിനെ കുറിച്ച് അന്വേഷിക്കാനെത്തിയ ആക്രമിക്കുകയും ഇരുമ്പ് പൈപ്പ് വച്ച് കൈ അടിച്ച് ഒടിക്കുകയായിരുന്നു. തടയാൻ ശ്രമിച്ച പോളിന്റെ ഭാര്യയേയും ഇയാൾ ആക്രമിച്ചു. ഇവർ ഇരുവരും കൊല്ലം ജില്ലാ ആശുപത്രിയിൽ ചികിത്സ തേടി. ശക്തികുളങ്ങര ഇൻസ്പെക്ടർ ബിജൂ.യൂ,വിന്റെ നേതൃത്വത്തിൽ ശക്തികുളങ്ങര പോലീസ് സ്റ്റേഷനിലെ സബ്ബ് ഇൻസ്പെക്ടർമാരായ അനീഷ്.വി, സുബാഷ്, എ.എസ്സ്.ഐ മാരായ സുദർശനൻ, സുനിൽകുമാർ, എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. ഇയാളെ റിമാന്റ് ചെയ്തു.

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാൽസംഗം ചെയ്ത യുവാവിന് പത്ത് വർഷം കഠിന തടവ്

കൊല്ലം : പതിനഞ്ച്കാരിയെ ബലാൽസംഗം ചെയ്തയാളെ പത്ത് വർഷം കഠിന തടവിനും മൂന്ന് ലക്ഷം രൂപാ പിഴയും ശിക്ഷിച്ചു. പിഴ അടച്ചില്ലായെങ്കിൽ ഒരു വർഷം കൂടി തടവ് അനുഭവിക്കണം. തഴുത്തല വില്ലേജിൽ തഴുത്തല ചേരിയിൽ സുബി ഭവനത്തിൽ സുരേഷ് ബാബു മകൻ സൂബിൻ ബാബുവിനെ (23) ആണ് ശിക്ഷിച്ചത്. കൊല്ലം ഫസ്റ്റ് അഡീഷണൽ സെഷൻ കോടതി ജഡ്ജ് കെ.എൻ. സുജിത്ത് ആണ് ശിക്ഷ വിധിച്ചത്. 2017 ഫെബ്രുവരി 28 രാത്രി പ്രതി പതിനഞ്ച്കാരിയുടെ വീട്ടിലെത്തി ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തി ബലാൽസംഗം ചെയ്യുകയായിരുന്നു എന്നതാണ്

പ്രോസിക്യൂഷൻ കേസ്. പെൺകുട്ടി പാരിപ്പള്ളി പോലീസിൽ നൽകിയ പരാതിയിലാണ് ബലാൽസംഗത്തിനും പോക്സോയിലെ വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്തത്. പാരിപ്പള്ളി സബ്ബ് ഇൻസ്പെക്ടറായിരുന്നു ഉമറുൾ ഫറൂക്ക് ആണ് കേസിൽ പ്രാഥമിക അന്വേഷണം നടത്തിയത്. തുടർന്ന് അന്നത്തെ പരവൂർ സർക്കിൾ ഇൻസ്പെക്ടറായിരുന്ന എസ്. ഷെറീഫ് ആണ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ളിക്ക് പ്രോസിക്യൂട്ടർമാരായ അഡ്വ.സുഹോത്രൻ അഡ്വ. സിസിൻ ജി മുണ്ടക്കൽ, അഡ്വ. റ്റി.പി. സോജ തുളസീധരൻ എന്നിവരും പ്രോസിക്യൂഷൻ സഹായികളായി എസ്.സി.പി.ഒ മാരായ ഷീബ.കെ.ജെ, സുബാഷ് എന്നിവരുമാണ് ഹാജരായത്.




## പോലീസിനൊപ്പം സന്നദ്ധ പ്രവർത്തനത്തിന് പരിശീലനം ലഭിച്ച കൗൺസിലേഴ്സിനെ തേടുന്നു

കൊല്ലം : പോലീസ് സ്റ്റേഷനുകളിലേക്കും ക്യാപ്പ് ഹൗസിലേക്കും കൗൺസിലിംഗിന് തയ്യാറുള്ള സന്നദ്ധ പ്രവർത്തകരായ കൗൺസിലേഴ്സിനെ തേടുന്നു. ശിഥിലമായ കുടുംബസാഹചര്യങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ത്രീകളേയും കുട്ടികളേയും മറ്റും കൗൺസിലിംഗ് നൽകി ജീവിത സാഹചര്യങ്ങളെ നേരിടുന്നതിന് പര്യപ്തമാക്കുന്ന ക്യാപ്പ് ഹൗസിലേക്കും കൊല്ലം സിറ്റി പോലീസ് പരിധിയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിലേക്കും സന്നദ്ധ പ്രവർത്തനം നടത്താൻ തയ്യാറുള്ള പരിശീലനം ലഭിച്ച കൗൺസിലേഴ്സിനേയും സൈക്കോളജിസ്റ്റുകളേയും ആവശ്യമുള്ളതായി ജില്ലാ നോഡൽ ഓഫീസറായ കൊല്ലം സിറ്റി അഡീഷണൽ പോലീസ് സൂപ്രണ്ട് അറിയിച്ചു. മതിയായ യോഗ്യതയുള്ള താൽപ്പര്യമുള്ളവർ ജനുവരി 27 ന് രാവിലെ പത്ത് മണിക്ക് കൊല്ലം പോലീസ് ക്ലബ്ബിൽ യോഗ്യത സർട്ടിഫിക്കറ്റുകളുമായി എത്തി ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ചിൽഡ്രൻ ആന്റ് പോലീസ് (ക്യാപ്പ് ഹൗസ്) ഹെൽപ്പ് ലൈൻ നമ്പരായ 8078900200 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.